# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - ഐ.സി.പി.എസ്. - വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ "ഉജ്ജ്വല ബാല്യം പുരസ്കാരം" ഏർപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാമൂഹ്യ നീതി (ഇ) വകുപ്പ്

സ. ഉ. (സാധാ) നമ്പർ. 773/2017/സാനീവ          തീയതി, തിരുവനന്തപുരം, 28/11/2017

---

പരാമർശം :- 1. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 21/01/2015 ലെ CRMP No. 1699/A1/SZ/2014/KeSCPCR നമ്പർ ഉത്തരവ്.
2. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 11/01/2016, 16/03/2017 എന്നീ തീയതികളിലെ ICPS-4(A)/17788/14 നമ്പർ കത്തുകൾ.

WCD.

## ഉത്തരവ്

അസാധാരണ കഴിവുകൾ പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ നൽകി വരുന്ന ദേശീയ അവാർഡിന് അർഹരാകുന്ന കുട്ടികൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക ആനുകൂല്യമോ അംഗീകാരമോ നൽകേണ്ടതാണെന്നും സംസ്ഥാന തലത്തിൽ അസാധാരണ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കേണ്ടതും കുട്ടികളുടെ ഉന്നമനത്തിനായും അവകാശങ്ങൾക്കായും നിസ്വാർത്ഥമായി പ്രവർത്തിക്കുന്നവരെ കണ്ടെത്തി അവർക്കും അവാർഡുകൾ നൽകേണ്ടതാണെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പരാമർശം (1) ലെ ഉത്തവ് പ്രകാരം നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2015 മുതൽ ദേശീയ അവാർഡ് നേടിയ കുട്ടികൾക്ക് സ്റ്റൈപ്പന്റ് നൽകി വരികയും ചെയ്യുന്നുണ്ട്.

എന്നാൽ സംസ്ഥാനത്തിൽ ഇത്തരം കുട്ടികളെയും കുട്ടികളുടെ ഉന്നമനത്തിനായും അവകാശങ്ങൾക്കായും നിസ്വാർത്ഥമായി സേവനം ചെയ്യുന്നവരേയും കണ്ടെത്തി അവാർഡിന് അർഹരാക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതിനാൽ വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെയുള്ള കുട്ടികളെയും കുട്ടികളുടെ ഉന്നമനത്തിനായും അവകാശങ്ങൾക്കായും നിസ്വാർത്ഥമായി സേവനം ചെയ്യുന്നവരേയും കണ്ടെത്തി അവർക്കായി **"ഉജ്ജ്വല ബാല്യം പുരസ്കാരം"** എന്ന പേരിൽ പുരസ്കാരം ഏർപ്പെടുത്തുവാനും ഒരു ജില്ലയിൽ നിന്ന് ഒരു കുട്ടിയെ വീതം തിരഞ്ഞെടുത്ത് ഒരു കുട്ടിയ്ക്ക് 25,000/-രൂപയും സർട്ടിഫിക്കറ്റും ട്രോഫിയുമടങ്ങുന്ന പുരസ്കാരം എല്ലാ വർഷവും ചിൽഡ്രൻസ് ഫെസ്റ്റിനോട് അനുബന്ധിച്ച് നല്കുന്നതിനും ഇതിനായി ഒരു സാമ്പത്തിക വർഷം ചെലവ് ചെയ്യേണ്ടി വരുന്ന തുകയായ 5,10,000/- രൂപ

ICPS ന്റെ ശീർഷകമായ "2235-02-102-61(P)" യിലെ സ്റ്റേറ്റ് ഫണ്ട് വിഹിതത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകണമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെയും (ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ) കുട്ടികളുടെ ഉന്നമനത്തിനായും അവകാശങ്ങൾക്കായും നിസ്വാർത്ഥമായി സേവനം ചെയ്യുന്നവരേയും കണ്ടെത്തി അവർക്കായി **"ഉജ്ജ്വല ബാല്യം പുരസ്കാരം"** എന്ന പേരിൽ പുരസ്കാരം ഏർപ്പെടുത്തി, ഒരു ജില്ലയിൽ നിന്ന് ഒരു കുട്ടിയെ വീതം തിരഞ്ഞെടുത്ത് ഒരു കുട്ടിയ്ക്ക് 25,000/-രൂപയും സർട്ടിഫിക്കറ്റും ട്രോഫിയുമടങ്ങുന്ന പുരസ്കാരം എല്ലാ വർഷവും ചിൽഡ്രൻസ് ഫെസ്റ്റിനോട് അനുബന്ധിച്ച് നല്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഇതിനായി ഒരു സാമ്പത്തിക വർഷം വേണ്ടി വരുന്ന തുകയായ 5,10,000/- രൂപ ICPS ന്റെ ശീർഷകമായ "2235-02-102-61(P)" യിലെ സ്റ്റേറ്റ് ഫണ്ട് വിഹിതത്തിൽ നിന്നും വഹിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ബിജു പ്രഭാകർ**
**സ്പെഷ്യൽ സെക്രട്ടറി**

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ് (12/06/2017 ലെ WW-WW3/36/2017-FIN പ്രകാരം).
വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഉജ്ജ്വല ബാല്യം " പുരസ്കാരം

ആമുഖം

സാമൂഹ്യ നീതി വകുപ്പിലൂടെ സമൂഹത്തിലെ വിവിധ മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച വനിതകൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് അവരുടെ കഴിവുകളെ അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പുരസ്കാരങ്ങൾ നൽകി വരുന്നുണ്ട്. എന്നാൽ സംസ്ഥാനത്തെ കുട്ടികൾക്കായി യാതൊരുവിധ പുരസ്കാരങ്ങളും നൽകിവരുന്നില്ല. ഇക്കാര്യം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തു കുട്ടികൾക്കായി ഒരു അവാർഡ് ഏർപ്പാടാക്കണം എന്ന് നിർദ്ദേശിക്കുകയുണ്ടായി.ആയതിന്റെഅടിസ്ഥാനത്തിൽ കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം എന്നീ മേഖലകളിൽ അസാധാരണമായ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് സംസ്ഥാന സർക്കാർ "ഉജ്ജ്വല ബാല്യം " പുരസ്കാരം നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം എന്നീ മേഖലകളിൽ അസാധാരണമായ കഴിവ് പ്രകടിപ്പിക്കുന്ന 5 വയസിനും 18 വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളെയാണ് പ്രസ്തുത അവാർഡിന് പരിഗണിക്കുന്നത്. കുട്ടികൾ മേൽസൂചിപ്പിച്ചിരിക്കുന്നതിൽ കുറഞ്ഞത് ഏതെങ്കിലും ഒരു മേഖലയിൽ അവരുടെ താത്പര്യവും കഴിവും തെളിയിച്ചിരിക്കേണ്ടതും അംഗീകരിക്കപ്പെട്ടിരിക്കേണ്ടതുമാണ്.

ഒരു ജില്ലയിൽ നിന്നും 1 കുട്ടിക്കാണ് ഓരോ വർഷവും അവാർഡ് നൽകുന്നത്. ജില്ലാതലത്തിൽ ഈ പദ്ധതി നടപ്പിലാക്കേണ്ട ചുമതല ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കായിരിക്കും.ഓരോ വർഷവും സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന ചിൽഡ്രൻസ് ഫെസ്റ്റിനോടനുബന്ധിച്ച് അവാർഡ് വിതരണം നടത്തുന്നതാണ്. ആയതിനാൽ സംസ്ഥാന സർക്കാർ തീരുമാനിക്കുന്ന അവസാന തീയതി കാണിച്ച് പ്രമുഖ പത്ര/ശ്രവ്യ/ദൃശ്യ മാധ്യമങ്ങളിൽ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം നൽകേണ്ടതും ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ DCPO അന്വേഷണം നടത്തി ജില്ലാതല സെലക്ഷൻ കമ്മിറ്റിയിൽ പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ജില്ലാതല സെലക്ഷൻ കമ്മിറ്റികളിൽ താഴെപ്പറയുന്ന 7 മെമ്പർമാർ ഉണ്ടായിരിക്കുന്നതാണ്.

1. ജില്ലാ കളക്ടർ- ചെയർമാൻ
2. ജില്ലാ സാമൂഹ്യ നീതി ഓഫീസർ -വൈസ് ചെയർമാൻ
3. ജില്ലാ ശിശു സംരക്ഷണ ഓഫീസർ -കൺവീനർ
4. ബന്ധപ്പെട്ട ജില്ലയിലെ ബാലാവകാശ കമ്മീഷൻ മെമ്പർ- മെമ്പർ
5. ബന്ധപ്പെട്ട ജില്ലയിലെ CWC ചെയർമാൻ-മെമ്പർ
6. മേൽസൂചിപ്പിച്ചിരിക്കുന്ന മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള 2 പേർ (ജില്ലാ കളക്ടർ നിർദ്ദേശിക്കും പ്രകാരം)

അർഹമായ അപേക്ഷകൾ ലഭിക്കാത്ത സാഹചര്യത്തിൽ ജില്ലയെ പ്രതിനിധീകരിക്കുന്നതിനായി ഉചിതമായ കുട്ടികളെ കമ്മിറ്റിയ്ക്ക് തീരുമാനിക്കാവുന്നതാണ്.

163481/2017/SJD(OS)

## അവാർഡിന് പരിഗണിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. അപേക്ഷകർ 5 വയസിനും 18 വയസിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം.
2. കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം എന്നീ മേഖലകളിൽ കഴിവ് തെളിയിച്ചിട്ടുള്ളവരായിരിക്കണം. (ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ ,പ്രശസ്തിപത്രങ്ങൾ, കുട്ടിയുടെ പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകമുണ്ടെങ്കിൽ ആയതിന്റെ പകർപ്പ്, കലാ പ്രകടനങ്ങൾ ഉൾക്കൊള്ളുന്ന CD, പത്രകുറിപ്പുകൾ, എന്നിവ അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്).
3. കേന്ദ്രസർക്കാരിന്റെ "National Child Award for Exceptional Achievement" കരസ്ഥമാക്കിയ കുട്ടികളെ സംസ്ഥാനതല അവാർഡിന് പരിഗണിക്കുന്നതല്ല.(ഈ കുട്ടികൾക്ക് സംസ്ഥാന സർക്കാർ 18 വയസ്സുവരെ സ്റ്റൈപ്പന്റ് നൽകി വരുന്നു).
4. അവാർഡ് എല്ലാ വർഷവും ചിൽഡ്രൻസ് ഫെസ്റ്റിനോടനുബന്ധിച്ച് വിതരണം ചെയ്യുന്നതാണ്.
5. ഒരു ജില്ലയിലെ 1 കുട്ടിക്കാണ് അവാർഡ് നൽകുന്നത്
6. ഒരു കുട്ടിയ്ക്ക് 25000/-രൂപയും സർട്ടിഫിക്കറ്റും ട്രോഫിയുമടങ്ങുന്നതാണ് പുരസ്കാരം.

### സാമ്പത്തിക അവലോകനം

| | |
|---|---|
| Cash Award<br>(25000 x 1 x14) | : Rs.350000/- |
| TA for Parents & Child<br>(Average Rs. 2500/- per head) | : Rs.140000/- |
| Other expenses<br>(Purchase of trophy & other exp.) | : Rs.20000/- |
| Total | Rs. 510000/- |

"ഉജ്ജ്വല ബാല്യം"- പുരസ്ക്കാരത്തിന് അപേക്ഷിക്കുന്നതിനുള്ള അപേക്ഷ ഫോം

1. പേര് :
2. വയസ്സ്,ജനന തീയതി :
3. ആൺകുട്ടി/പെൺകുട്ടി :
4. അസാധാരണ കഴിവ് പ്രകടിപ്പിച്ച മേഖലകൾ :
    a.
    b.
    c.
    d.
    e.
5. രക്ഷകർത്താവിന്റെ പേര് :
6. പൂർണ്ണമായ മേൽവിലാസം :
7. ടെലിഫോൺ നമ്പർ :
8. മറ്റു വിവരങ്ങൾ :